**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4857** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വികസന ഡയറക്ടർ സ്വകാര്യ സ്ഥാപനങ്ങളുമായി ഒപ്പുവെച്ച കരാറുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാറിന്റെ കാലത്തും ഈ സർക്കാർ വന്നതിന് ശേഷം നാളിതുവരെയും പട്ടികവർഗ്ഗ വികസന ഡയറക്ടർ സ്വകാര്യ സ്ഥാപനങ്ങളുമായി എത്ര കരാർ ഒപ്പ വെച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിൽ കാലാവധി കഴിഞ്ഞ കരാറുകൾ എത്രയെന്ന് വ്യക്തമാക്കാമോ; കരാർ കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കാത്ത എത്ര പദ്ധതികൾ നിലവിലുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ വന്നതിന് ശേഷം നാളിതുവരെ 14 സ്ഥാപനങ്ങളുമായി ആകെ 24 കരാറുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഒപ്പ് വച്ചിട്ടുണ്ട്. ഇതിൽ കരാർ കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാകാത്ത 3 പദ്ധതികൾ ഉണ്ട്. |
| (ബി) | കരാർ ലംഘനം നടത്തിയ എത്ര സ്ഥാപനങ്ങൾക്ക് 2023 ഡിസംബർ 31 വരെ നോട്ടീസ് നല്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; കരാർ ലംഘനം നടത്തിയ സ്ഥാപനങ്ങളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് അനുമതി ചോദിച്ചുകൊണ്ട് എത്ര കത്തുകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; റവന്യൂ റിക്കവറി ഫയലിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരുകൾ വ്യക്തമാക്കാമോ? | (ബി) | കരാർ ലംഘനം നടത്തിയ 3 സ്ഥാപനങ്ങൾക്ക് 2023 ഡിസംബർ 31 വരെ നോട്ടീസ് നൽകിയിട്ടുണ്ട്. തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് കരാർ ലംഘനം നടത്തിയ 3 സ്ഥാപനങ്ങൾക്കായി 6 കത്തുകൾ നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ ആരും തന്നെ റവന്യൂ റിക്കവറി ഫയലിൽ കാലതാമസം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ